# പതിമൂന്നാം കേരള നിയമസഭ

## 11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T6600, 09.07.2014 - ലെ മറുപടിയ്ക്ക്

## താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.എം.എ.വാഹിദ് | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|
| (എ). ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ തസ്തികകളിലായി എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധനകാര്യ വകുപ്പിൽ ഡ്രൈവർ തസ്തികയിൽ 3 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ 10 വർഷം കാലാവധി പൂർത്തിയാക്കിയ സി.എൽ.ആർ. വർക്കർമാരെ സ്ഥിരപ്പെടുത്തിയതിൽ ധനകാര്യവകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചുവോ; ഇവരെ സ്ഥിരപ്പെടുത്തിയതു മൂലം സർക്കാരിന് എത്ര രൂപയുടെ ബാധ്യതയുണ്ടായിട്ടുണ്ട്; | നിബന്ധനകളോടെ മന്ത്രിസഭയുടെ അംഗീകാരത്തിനു വിധേയമായി ധനവകുപ്പ് അംഗീകാരം നൽകിയിരുന്നു.<br>ഇതുമൂലമുണ്ടായ ബാധ്യതയുടെ വിവരം ധനകാര്യ വകുപ്പിൽ ലഭ്യമല്ല. |
| (സി) വനം വകുപ്പിൽ 20 വർഷം കഴിഞ്ഞ താൽക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിൽ ധനകാര്യ വകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ബാധ്യതയാണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളത്; ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള തടസ്സം എന്താണ്? | ഉണ്ട്.<br>135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക വഴി 118.16 ലക്ഷം രൂപയുടെ അധിക സാമ്പത്തിക ബാധ്യത പ്രതിവർഷം ഉണ്ടാകും എന്ന് വനം വകുപ്പ് കണക്കാക്കിയിട്ടുണ്ട്. അധിക സാമ്പത്തിക ബാധ്യതകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണങ്ങൾ നിലവിലുള്ളതാണ് തടസ്സം |

അക്കൗണ്ട്സ് ഓഫീസർ